Short Notice Question

ഘോഷയാത്രകളും, പൊതുയോഗങ്ങളും നിരോധിച്ച ഓർഡർ

* ച. ശ്രീ. കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) അലുവാടെണിലും പരിസരപ്രദേശങ്ങളിലും ഘോഷയാത്രകളും പൊതുയോഗങ്ങളും നിരോധിച്ചുകൊണ്ട് യുണ്ടർ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുള്ളതു് ഗവൺമെണ്ടിന്റെ അറിവോടും സമ്മതത്തോടും കൂടിയാണോ ;

(ബി) പ്രസ്തുത നിരോധനം നടപ്പാക്കാൻ ഗവൺമെണ്ടിനെ പ്രേരിപ്പിച്ചിട്ടുള്ള അടിയന്തിര പരിതഃസ്ഥിതി എന്താണു് ;

(സി) ഈ നിരോധനത്തെ പ്രതിഷേധിച്ചുകൊണ്ടും പിൻവലിക്കാൻ ആവശ്യപ്പെട്ടുകൊണ്ടും വല്ല നിവേദനവും ഗവൺമെണ്ടിലേക്ക് കിട്ടിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) നിയമസമാധാനങ്ങൾ പാലിക്കുന്നതിനു് ആവശ്യമെന്നതോന്നുന്ന എല്ലാ നടപടിയും സ്വീകരിക്കുന്നതിനു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് അധികാരമുണ്ടെന്നമാത്രമല്ല, ഗവൺമെണ്ടിന്റെ ഉപദേശം വാങ്ങണമെന്നു് നിർണ്ണയിച്ചു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ വിവേചനാധികാരത്തെ നിയന്ത്രിക്കയെന്നുള്ളതു് എക്സിക്യൂട്ടിവു് ജൂഡീഷ്യറിയിൽ ഇടപെടാൻ പാടില്ലെന്നുള്ള തത്വത്തിനു് വിരുദ്ധവുമാണു്.

(ബി) നിരോധന ഉത്തരവു പുറപ്പെടുവിക്കുന്നതിനുള്ള കാരണങ്ങൾ ആ ഉത്തരവിൽതന്നെ പറഞ്ഞിട്ടുണ്ടു്.

(സി) ഇല്ല.

ശ്രീ. കെ. കെ. കണ്ണൻ : ഈ നിരോധനം എത്ര കാലത്തേക്കാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : രണ്ടുമാസത്തേക്കാണെന്നു് തോന്നുന്നു.

ശ്രീ. കെ. കെ കണ്ണൻ : നിരോധന ഉത്തരവു പുറപ്പെടുവിച്ചതിൽ ഗവൺമെണ്ടിനു് യാതൊരു ഉത്തരവാദിത്വവുമില്ല, അവിടത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനാണു് മുഴുവൻ ഉത്തരവാദിത്വവും എന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഗവൺമെണ്ടിന്റെ ഒരു ഭാഗമാണു്. അതുകൊണ്ടു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഉത്തരവിന്റെ ഉത്തരവാദിത്വം ഗവൺമെണ്ടിനുണ്ടു്.

ശ്രീ. എ. താണുപിള്ള : നിരോധനാജ്ഞ പുറപ്പെടുവിച്ചതു് ഗവൺമെണ്ടിന്റെ അറിവോടും സമ്മതത്തോടും കൂടിയാണോ എന്ന ചോദ്യത്തിനു് മറുപടി പറഞ്ഞില്ല.

ശ്രീ. ടി. കെ. നാരായണപിള്ള : ഡിസ്ട്രിക്ട് മജിസ്ട്രേട്ട് നിരോധന ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിനറിയാം.

ശ്രീ. എ. താണുപിള്ള : ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിനറിയാമോ എന്നല്ല ചോദ്യം. ഉത്തരവു പുറപ്പെടുവിക്കുന്നതിനു മുമ്പു് ഗവൺമെണ്ടിനോടു് ആലോചിച്ചിട്ടുണ്ടോ എന്നാണു് അറിയേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഗവൺമെണ്ടിനോടു് ആലോചിച്ചിട്ടില്ല സാധാരണ ഉത്തരവുകൾ പുറപ്പെടുവിക്കാറുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : സാധാരണ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന കാര്യത്തെപ്പറ്റിയല്ല ചോദിക്കുന്നത്; ഈ പ്രത്യേക ഉത്തരവു പുറപ്പെടുവിക്കുന്നതിനുമുമ്പ് ഗവൺമെണ്ടിനോട് ആലോചിച്ചിട്ടുണ്ടോ എന്നാണ് എന്റെ ചോദ്യം?

ശ്രീ. ടി. കെ. നാരായണപിള്ള : ഞാൻ ആദ്യം പറഞ്ഞ ഉത്തരം ഈ ഉത്തരവിനേയും ബന്ധിക്കുന്നതാണ്.

ശ്രീ. കെ. കെ. കണ്ണൻ : ഈ നിരോധനാജ്ഞ പുറപ്പെടുവിച്ചതിനുശേഷം എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : നോട്ടിസ്സോടുകൂടി പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. കെ. കെ. കണ്ണൻ : നിരോധനാജ്ഞയെ ആരെങ്കിലും ലംഘിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ട്. അവരെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്.

ശ്രീ. കെ. കെ. കണ്ണൻ : നിരോധനാജ്ഞ ലംഘിച്ചതിനു് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : രണ്ടുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നാണ് അറിവ്. ശ്രീ. മത്തായി മാഞ്ഞൂരാൻ നിരോധന ഉത്തരവു ലംഘിച്ചതിനു് അറസ്റ്റ് ചെയ്യപ്പെട്ട എന്നു് നേരത്തെ അറിവുണ്ടായിരുന്നു.

ശ്രീ. ഇട്ടീര അമ്മുക്കൻ : ശ്രീ. മത്തായി മാഞ്ഞൂരാൻ ഇപ്പോൾ കസ്റ്റഡിയിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു് നിശ്ചയമില്ല.

ശ്രീ. കെ. കെ. കണ്ണൻ : അറസ്റ്റ് ചെയ്യുവക്കു് ജാമ്യം അനുവദിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ജാമ്യാപേക്ഷകൾ കോടതിയിൽ ഫാജരാക്കിയിട്ടുണ്ടെങ്കിൽ കോടതി പ്രത്യേകമായി വേണ്ട ഉത്തരവുകൾ കൊടുത്തിരിക്കണം.

ശ്രീ. എ. താണുപിള്ള : ഈ നിരോധനാജ്ഞ പുറപ്പെടുവിച്ചതിനുശേഷം അതിന്റെ ആവശ്യത്തേയോ ആശാസ്യതയേയോപറ്റി ഗവൺമെണ്ടു് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ആലോചിച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : ആലോചിച്ചിട്ടു് അതാവശ്യമായിരുന്നു എന്നാണോ ഗവൺമെണ്ടിന്റെ അഭിപ്രായം?

ശ്രീ. ടി. കെ. നാരായണപിള്ള : ഡിസ്ട്രിക്ട് മജിസ്ട്രേട്ടാണ് നിയമസമാധാനങ്ങൾ പരിപാലിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ. ആ ഉദ്യോഗസ്ഥന്റെ അഭിപ്രായം ശരിയാണെന്നാണ് ഗവൺമെണ്ടിനു് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്.

UNSTARRED QUESTIONS

DISMISSAL OF MR. M. V. SIROMANI

14. [1] Sri. K. A. Mathew: Will the Hon'ble Minister for Labour be pleased to state:—

(*a*) whether representation was received by the Labour Commissioner and the Minister for Labour about the dismissal of Mr. M. V. Siromani, a member of the staff of upper Surianalle Estate, belonging to Malayalam Plantations, managed by Messrs. Harrisons and Crossfield;

LIBRARY ARCHIVES Kerala Legislative Assembly